**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 24** **07-10-2024 - ൽ മറുപടിയ്ക്ക്**

**എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പി.എസ്.സി. യുടെ നിയമനശിപാർശ പ്രകാരം വിവിധ ബോർഡുകൾ, കമ്പനികൾ എന്നിവയിലേക്ക് നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയിൽ പ്രവേശിക്കാത്ത സാഹചര്യത്തിൽ ചട്ടപ്രകാരം എൻ .ജെ. ഡി ഒഴിവുകൾ എത്ര ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യണം; വിശദമാക്കുമോ; | (എ) | നിയമനശിപാർശ ലഭിക്കുന്ന ഉദ്യോഗാർഥി നിയമന ഉത്തരവിൽ അനുവദിക്കുന്ന നിശ്ചിത തീയതിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുകയോ പ്രവേശന കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്ത പക്ഷം, നിർദ്ദിഷ്ട തീയതിയുടെ തൊട്ടടുത്ത ദിവസം ടി ഒഴിവ് എൻ.ജെ.ഡി ആയി റിപ്പോർട്ട് ചെയ്തുവരുന്നു. പ്രവേശന കാലാവധി ദീർഘിപ്പിക്കുന്നതിന് ഉദ്യോഗാർഥി അപേക്ഷ സമർപ്പിച്ച്, അത് അനുവദിച്ച് നൽകുന്ന തീയതിക്കുള്ളിൽ ഉദ്യോഗാർഥി വകുപ്പിൽ പ്രവേശിക്കാത്ത സാഹചര്യത്തിലും, പ്രവേശന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നിരസിക്കുന്ന പക്ഷം നിരസിച്ചുകൊണ്ടുള്ള കത്ത് ഉദ്യോഗാർഥി കൈപ്പറ്റി പത്ത് ദിവസത്തിനുള്ളിൽ വകുപ്പിൽ പ്രവേശിക്കാത്ത സാഹചര്യത്തിലും തൊട്ടടുത്ത ദിവസം പ്രസ്തുത ഒഴിവ് എൻ.ജെ.ഡി ആയി റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ചട്ടം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് പിഎസ്സി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | നിയമനശിപാർശ ലഭിക്കുന്ന ഉദ്യോഗാർഥി നിയമന ഉത്തരവിൽ അനുവദിക്കുന്ന നിശ്ചിത തീയതിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുകയോ പ്രവേശന കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്ത പക്ഷം, നിർദ്ദിഷ്ട തീയതിയുടെ തൊട്ടടുത്ത ദിവസം ടി ഒഴിവ് എൻ.ജെ.ഡി ആയി റിപ്പോർട്ട് ചെയ്തുവരുന്നു. പ്രവേശന കാലാവധി ദീർഘിപ്പിക്കുന്നതിന് ഉദ്യോഗാർഥി അപേക്ഷ സമർപ്പിച്ച്, അത് അനുവദിച്ച് നൽകുന്ന തീയതിക്കുള്ളിൽ ഉദ്യോഗാർഥി വകുപ്പിൽ പ്രവേശിക്കാത്ത സാഹചര്യത്തിലും, പ്രവേശന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നിരസിക്കുന്ന പക്ഷം നിരസിച്ചുകൊണ്ടുള്ള കത്ത് ഉദ്യോഗാർഥി കൈപ്പറ്റി പത്ത് ദിവസത്തിനുള്ളിൽ |

| | | | |
|---|---|---|---|
| | | | വകുപ്പിൽ പ്രവേശിക്കാത്ത സാഹചര്യത്തിലും തൊട്ടടുത്ത ദിവസം പ്രസ്തുത ഒഴിവ് എൻ.ജെ.ഡി ആയി റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സമയബന്ധിതമായി എൻ. ജെ. ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (സി) | എൻ.ജെ.ഡി ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും വകുപ്പുകളിൽ നിന്ന് കൃത്യമായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്നത് ഉറപ്പ് വരുത്തുവാൻ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നത് പരിശോധിക്കുവാനും, റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പും വിവിധ കാര്യാലയങ്ങളിൽ നേരിട്ട് പരിശോധന നടത്തി, റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | എൻ. ജെ. ഡി. ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | എൻ.ജെ.ഡി ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും വകുപ്പുകളിൽ നിന്ന് കൃത്യമായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്നത് ഉറപ്പ് വരുത്തുവാൻ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നത് പരിശോധിക്കുവാനും, റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പും വിവിധ കാര്യാലയങ്ങളിൽ നേരിട്ട് പരിശോധന നടത്തി, റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ